**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *517 — **26.10.2016**-ലെ മറുപടിക്ക്

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.വി. ജോയി<br>ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും സമഗ്ര പുരോഗതിക്കായി അംബേദ്കർ സ്വാശ്രയ ഗ്രാമം എന്ന പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും സമഗ്ര പുരോഗതിക്കായി അംബേദ്കർ സ്വാശ്രയ ഗ്രാമം എന്ന പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കി മാനദണ്ഡങ്ങൾ നിശ്ചയിച്ചതിനു ശേഷം തീരുമാനിക്കുന്നതാണ്. |
| (സി) | ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | കോർപസ് ഫണ്ടിൽ നിന്നും ഇതിന് ആവശ്യമായ തുക കണ്ടെത്തുന്നതാണ്. |
| (ഡി) | പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ധനസഹായ തുക ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ